# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3268 | 24.02.2016-ൽ മറുപടിയ്ക്ക്

## പോലീസ് സേനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഗുണ്ടാസംഘങ്ങളേയും മറ്റും തുടച്ചു നീക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ഗുണ്ടാസംഘങ്ങളേയും മറ്റും തുടച്ചു നീക്കുന്നതിന് ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാപ്പ നിയമം ശക്തമായി ഇവർക്കെതിരെ പ്രയോഗിച്ച് കരുതൽ തടങ്കലിലാക്കിയും, ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ കുബേര എന്നീ പദ്ധതികളിലൂടെ സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ സംഘടിത കുറ്റകൃത്യങ്ങളിലും സ്ഥിരമായി കുറ്റകൃത്യം ചെയ്യുന്നവരേയും കണ്ടെത്തി നിലവിലുള്ള നിയമം അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ഷാഡോ പോലീസിന്റെ സേവനം ശക്തിപ്പെടുത്തുമോ; | (ബി) പോലീസിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം രഹസ്യ നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതാണ്. ഇപ്രകാരം ഷാഡോ പോലീസിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി കേസന്വേഷണത്തിനും മറ്റും അതിവേഗം തീർപ്പ് കൽപ്പിക്കുവാൻ സാധിച്ചു വരുന്നുണ്ട്. |
| (സി) പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് പുതിയ നടപടികൾ സ്വീകരിക്കുമോ; | (സി) ജനമൈത്രീ സുരക്ഷാ പദ്ധതി നിലവിൽ വന്നതിനുശേഷം പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാണ്. കൂടാതെ റിസപ്ഷൻ സമ്പ്രദായവും വനിതാ/സീനിയർ സിറ്റസൺ ഹെൽപ്പ് ഡെസ്കുകളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമോ; | (ഡി) പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) പോലീസ് സേനയ്ക്ക് നിരന്തരമായ കായിക-മാനസിക പരിശീലനം നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ഇ) പോലീസ് ഉദ്യോഗസ്ഥരുടെ ജോലിയുടെ സ്വഭാവവും അതിനെ തുടർന്നുള്ള മാനസിക സമ്മർദ്ദവും മൂലം ആരോഗ്യ സംരക്ഷണം ലഭിക്കാതെ പോകുന്നത് ഒഴിവാക്കുന്നതിലേക്കായി കൃത്യമായ വ്യായാമ മുറകളും, സ്ട്രെസ്സ് മാനേജ്മെന്റും, കൃത്യമായ ഇടവേളകളിലെ മെഡിക്കൽ പരിശോധനയും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻഓഫീസർ